പുളിമാത്ത് പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി

899 [1330] *ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി ആരംഭിച്ചതെന്നാണ് ;

(ബി) പ്രസ്തുത പണി എത്രമാത്രം പുരോഗമിച്ചു ;

(സി) അത് എന്ന് പൂർത്തിയാക്കി ശുദ്ധജല വിതരണം തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-11-1984-ൽ ആരംഭിച്ചു.

(ബി) പൈപ്പ് കുഴിച്ചിടുന്ന ജോലി 80% വും കിണറിന്റെ പണി 10% വും പൂർത്തിയായിട്ടുണ്ട്.

(സി) 1987 ജൂൺ മാസത്തിൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

മുളക്കുളം പഞ്ചായത്തിലെ ശുദ്ധജല വിതരണം

900 [1331] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളക്കുളം പഞ്ചായത്തിൽ പല സ്ഥലങ്ങളിലും പൈപ്പ് ലൈൻ ഉണ്ടെങ്കിലും വല്ലപ്പോഴുമൊക്കയേ വെള്ളം കിട്ടുന്നുള്ളൂ എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും വെള്ളം കിട്ടുന്നതിന് ഒരു വാട്ടർ ടാങ്ക് പണിയുന്നതിനുള്ള നടപടി എന്തായി ;

(സി) ഉടനെ തന്നെ ടാങ്കിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) വാട്ടർ ടാങ്കിന്റെ ടെൻഡർ വിളിച്ചെങ്കിലും കരാറുകാരൻ പിൻ വാങ്ങിയതിനാൽ വീണ്ടും ടെൻഡർ വിളിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

ചെല്ലാനം പഞ്ചായത്തിലെ ശുദ്ധ ജലവിതരണത്തിലെ സ്തംഭനാവസ്ഥ

901 [1336] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലാനം പഞ്ചായത്തിൽ 1 മുതൽ 3 വാർഡു വരെയുള്ള ഭാഗത്ത് ശുദ്ധജല വിതരണം പൂർണ്ണമായി സ്തംഭിച്ചിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരെ ശുദ്ധജലം ലഭ്യമാകാത്ത പ്രസ്തുത കടലോര പ്രദേശത്ത് ശുദ്ധജലം മുടക്കാതെ നല്കുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ;

(സി) മൽസ്യത്തൊഴിലാളി-ഹരിജൻ മണ്ഡലമായ പ്രസ്തുത പ്രദേശത്ത് ശുദ്ധജലവിതരണസംബന്ധമായ പരിഹരിക്കുന്നതിന് അടിയന്തിര പരിഹാരം കാണാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ചെല്ലാനം പഞ്ചായത്തിൽ 1 മുതൽ 3 വാർഡുവരെ ശുദ്ധജല വിതരണം ഭാഗികമായി നടക്കില്ലെന്ന കാര്യം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ലോക ബാങ്കിൻറെ സഹായത്തോടെയുള്ള ഗ്രാമർ സപ്ലൈ സ്കീമിൻറെ പണി പൂർത്തിയാകുന്നതോടുകൂടി ഈ പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം പൂർണ്ണമായും പരിഹരിക്കുന്നതാണ്. ഈ പദ്ധതി 1991-ാമാണ്ടോടുകൂടി പൂർത്തീകരിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

മീനച്ചലാറിൻറെ കിടങ്ങൂർ ഭാഗത്തെ തീരഭാഗങ്ങൾ സംരക്ഷിക്കാൻ നടപടി

902 [1337] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടങ്ങൂർ പഞ്ചായത്തിലൂടെ കടന്നുപോകുന്ന മീനച്ചലാറിൻറെ തീരഭാഗങ്ങൾ ഇടിഞ്ഞ് കരഭാഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിവരം പലതവണ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും സംരക്ഷിക്കാൻ നടപടികളൊന്നും എടുക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) കിടങ്ങൂർ ക്ഷേത്രഭാഗവും കടച്ചിറ ഭാഗവും കരിങ്കൽ ഭിത്തി കെട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ പഞ്ചായത്തിലെ മൂന്നു പണികൾക്ക് 1986-87-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈപണികൾക്കുള്ള എസ്റ്റിമേറുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) ഈ രണ്ട് ഭാഗങ്ങളും കരിങ്കൽഭിത്തി കെട്ടുന്നതിന് ഇപ്പോൾ പദ്ധതികൾ ഒന്നുമില്ല. കൂടുതൽ പണം ലഭ്യമാകുന്ന മുറയ്ക്ക് ഇവ ഏറ്റെടുക്കുന്നതാണ്.

മീനച്ചലാറിൻറെ കര കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി

903. [1338] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനച്ചലാറിൻറെ ഇടതുവശം (അയർക്കുന്നം പഞ്ചായത്ത് ഏരിയ) കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly